കേരള സർക്കാർ

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി - 17.01.2019-ലെ മാനേജിംഗ് കമ്മിറ്റി - പെൻഷൻ/അംഗത്വ അപേക്ഷകളിലും മറ്റുമുള്ള മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

==================================================================

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(എച്ച്) വകുപ്പ്**

സ.ഉ.(സാ.ധാ ) നം.78/2019/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം.20.05.2019

==================================================================

പരാമർശം:- 1) സ.ഉ (പി ) നം.7/1993/ പി ആർ തീയതി 16/08/1993

2) 17.01.2019-ലെ പത്രപ്രവർത്തക പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയുടെ മാനേജിംഗ് കമ്മിറ്റി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.01.2019-ൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുകയുണ്ടായി. യോഗത്തിന്റെ പരിഗണനയിൽ വന്ന വിവിധ അപേക്ഷകളും അവയിൽ യോഗത്തിന്റെ തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

| | മാനേജിംഗ് കമ്മിറ്റി പരിഗണിച്ച അപേക്ഷ | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|---|
| 1 | ശ്രീ. പി. നാരായണൻ<br>ഫോട്ടോഗ്രാഫർ/ റിപ്പോർട്ടർ,<br>കാരവൽ മലയാളം ഡെയ്‌ലി<br>(ശാന്തം, കാപ്പനായ്ക്കൽ, ആയമ്പാറ, പി.ഒ, പെരിയ, കാസറഗോഡ്) | കാരവൽ മലയാളം ഡെയ്‌ലി ദിനപ്പത്രം വേജ് ബോർഡ് ശുപാർശ നടപ്പാക്കാത്ത പത്രസ്ഥാപനമായതിനാൽ പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകുന്നതിന് വ്യവസ്ഥയില്ല. അപേക്ഷ നിരസിക്കാവുന്നതാണ്. |
| 2 | ശ്രീ.പി.ജി. മുരളീധരൻ<br>ക്യാമറ അസിസ്റ്റന്റ്,<br>മലയാള മനോരമ<br>(അംബികാലയം,പട്ടേൽ റോഡ്, ചിറയ്ക്കൽ പി.ഒ, കണ്ണൂർ - 670011) | ശ്രീ.പി.ജി. മുരളീധരന് പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതാണ്. |
| 3 | ശ്രീ. അജി രാജകുമാർ<br>റിപ്പോർട്ടർ, ജനശബ്ദം<br>(അജി മന്ദിരം, മുക്കംപാലമൂട്, വെമ്പായം പി.ഒ, പിൻ 695 615) | ജനശബ്ദം ദിനപ്പത്രം വേജ് ബോർഡ് ശുപാർശ നടപ്പാക്കാത്ത പത്രസ്ഥാപന മായതിനാൽ പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകുന്നതിന് വ്യവസ്ഥയില്ല. ശ്രീ. അജി രാജകുമാറിന്റെ അപേക്ഷ നിരസിക്കാവുന്നതാണ്. |
| 4 | ശ്രീമതി. എൻ.പി. അനുപമ മിലി<br>പ്രിൻസിപ്പൽ കറസ്പോണ്ടന്റ്, | 21.11.2006-ലെ സ.ഉ. (സ) 161/06/വി.പൊ.വ. എന്ന ഉത്തരവിൽ കേരളത്തിൽ ആസ്ഥാനമായി |

| | | |
|---|---|---|
| | ഡെക്കാൺ ക്രോണിക്കിൾ | പ്രവർത്തിക്കുന്ന എന്നത് കേരളത്തിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന/ പ്രൊഡക്ഷൻ യൂണിറ്റ് ഉള്ള എന്ന ഭേദഗതി ഉത്തരവായ ശേഷം ശ്രീമതി. എൻ.പി. അനുപമ മിലിക്ക് പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതാണ്. |
| 5 | ശ്രീ. പി. ടി ജയരാജൻ<br>പ്രൂഫ് റീഡർ, ദേശാഭിമാനി<br>(പീടികക്കണ്ടി വീട്,<br>കരുവിശ്ശേരി പി.ഒ.,<br>കോഴിക്കോട് - 673 010) | അംശാദായത്തിലെ വ്യത്യാസം ഒടുക്കിയാൽ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ നിന്നും പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിലേക്ക് ശ്രീ. പി.ടി. ജയരാജന് മാറ്റം അനുവദിക്കാവുന്നതാണ്. |
| 6 | ചിന്ത വാരികയിലെ പത്രപ്രവർത്തകരെ പത്രപ്രവർത്തക ക്ഷേമ പദ്ധതിയിലും പത്രപ്രവർത്തകേതര ജീവനക്കാരെ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിലും ഉൾപ്പെടുത്തണമെന്ന അപേക്ഷ | ആനുകാലികങ്ങൾ പദ്ധതികളുടെ ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അപേക്ഷ നിരസിക്കാവുന്നതാണ്. |

## 2. 'സ്പെഷ്യൽ ഡ്രൈവ് 2017' പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ

| മാനേജിംഗ് കമ്മിറ്റി പരിഗണിച്ച അപേക്ഷ | | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|---|
| 1 | ശ്രീ. ജോസ് തോമസ്<br>മൂന്നാം ഗ്രേഡ് ഡെപ്യൂട്ടി ചീഫ് പ്രൊഡ്യൂസർ ഏഷ്യാനെറ്റ് ന്യൂസ്<br>(വേളാശ്ശേരിൽ, കടമാളൂർ. പി.ഒ.,<br>കോട്ടയം - 686017) | മൂന്നാം ഗ്രേഡ് ഡെപ്യൂട്ടി ചീഫ് പ്രൊഡ്യൂസർ എന്നത് പത്രപ്രവർത്തകൻ എന്ന നിർവ്വചനത്തിൽ വരാത്തതിനാൽ ശ്രീ. ജോസ് തോമസിന്റെ അപേക്ഷ നിരസിക്കാവുന്നതാണ്. |
| 2 | ശ്രീമതി. വി ജയശ്രീ<br>റിപ്പോർട്ടർ, തലസ്ഥാനവാർത്ത<br>(ലക്ഷ്മി, സൂര്യനഗർ,<br>പേരൂർക്കാവ്. പി.ഒ., തിരുവനന്തപുരം) | വേജ് ബോർഡ് ശുപാർശ നടപ്പാക്കാത്ത പത്രസ്ഥാപനങ്ങളായതിനാൽ അപേക്ഷകർക്ക് പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ശ്രീമതി. വി. ജയശ്രീയുടെയും ശ്രീ. പി. ഉദയ കുമാറിന്റേയും അപേക്ഷകൾ നിരസിക്കാവുന്നതാണ്. |
| 3 | ശ്രീ. പി.ഉദയകുമാർ<br>ജില്ലാ കറസ്പോണ്ടന്റ്, സതേൺ സ്റ്റാർ (പുത്തൻപുരയ്ക്കൽ,<br>കരീപ്പുഴ.പി.ഒ., പെരിനാട്, കൊല്ലം-691601) | |
| 4 | ശ്രീ. റ്റി.എം.ഷാജി<br>സീനിയർ ആർട്ടിസ്റ്റ്, ദേശാഭിമാനി | |

| | | |
|---|---|---|
| | (ഷാജി ഭവൻ, അയ്മനം. പി.ഒ., കോട്ടയം) | ശ്രീ. റ്റി.എം.ഷാജി, ശ്രീ. എ.ആർ. പ്രവീൺകുമാർ, ശ്രീ. കെ.എം. പ്രേമചന്ദ്രൻ എന്നിവർക്ക് പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതാണ്. |
| 5 | ശ്രീ.എ.ആർ.പ്രവീൺകുമാർ ആർട്ടിസ്റ്റ്, ജന്മഭൂമി (ഐക്കളത്ത്, നീലീശ്വരം.പി.ഒ., എറണാകുളം) | |
| 6 | ശ്രീ. കെ.എം. പ്രേമചന്ദ്രൻ സ്പെഷ്യൽ കറസ്പോണ്ടന്റ്, യുണൈറ്റഡ് ന്യൂസ് ഓഫ് ഇന്ത്യ (കൊയ് ലിപ്പറത്ത് ഹൗസ്, എരുവട്ടി.പി.ഒ., കതിരൂർ, തലശ്ശേരി, കണ്ണൂർ - 670642 ) | |
| 7 | ശ്രീമതി ജി. എസ്. റാണി റിസർച്ച് അസിസ്റ്റന്റ്, മലയാള മനോരമ (501, പ്രസന്ന വിഹാർ, മറൈൻ ഡ്രൈവ്. പി.ഒ., കൊച്ചി - 682031 ) | റിസർച്ച് അസിസ്റ്റന്റ്, ഇലസ്ട്രേറ്റർ, സീനിയർ ഇൻഡക്സ് അസിസ്റ്റന്റ് എന്നീ തസ്തികകൾ വേജ് ബോർഡ് പരിധിയിലുള്ള ജേർണലിസ്റ്റ് തസ്തികകളാണെങ്കിൽ പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതാണ്. |
| 8 | ശ്രീ.ബി.ഭാസ്കരൻ ഇലസ്ട്രേറ്റർ, മലയാള മനോരമ (സി.2, ഹൈ അവന്യൂ, ഗാന്ധി നഗർ, കടവന്ത്ര, കൊച്ചി-36 ) | |
| 9 | ശ്രീ. എം. കൃഷ്ണകുമാർ സീനിയർ ഇൻഡക്സ് അസിസ്റ്റന്റ്, ദേശാഭിമാനി ( കൃഷ്ണ നിവാസ്, ചെറുതുരുത്തി.പി.ഒ., തൃശ്ശൂർ) | |
| 10 | ശ്രീ. സി.വി.മിത്രൻ സബ് എഡിറ്റർ, കേരളകൗമുദി (ചിറ്റേഴത്ത് ഹൗസ്, ഇടവിലങ്ങ്. പി.ഒ., കൊട്ടുങ്ങല്ലൂർ, തൃശ്ശൂർ-680671 ) | കൺഫർമേഷൻ കിട്ടിയ ശേഷം സേവനകാലം 3 വർഷത്തിൽ താഴെയായതിനാൽ അപേക്ഷ നിരസിക്കാവുന്നതാണ്. |
| 11 | ശ്രീ. ജഗദീഷ് ബാബു എഡിറ്റർ, എക്സ് ക്ലൂസീവ് (പുഷ്പാഞ്ജലി, കല്പാത്തി. പി.ഒ., പാലക്കാട് - 678003) | പ്രത്യേക കേസായി പരിഗണിച്ച് പത്രസ്ഥാപനങ്ങളിലെ സേവനം കണക്കാക്കി ശ്രീ. ജഗദീഷ് ബാബുവിന് പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതാണ്.ടി ഉത്തരവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ടിയാന് മാത്രം ബാധകമായിരിക്കുന്നതാണ്. |
| 12 | ശ്രീ. എം. ദേവദാസ് റിപ്പോർട്ടർ, ഹോസ ദിഗന്ത (വിവേകാനന്ദ നഗർ, രാമദാസ് നഗർ.പി.ഒ., കാസറഗോഡ്- | ഹോസ ദിഗന്ത കന്നട പത്രമായതിനാൽ പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. എം. ദേവദാസിന് പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതാണ്. |

| | | |
|---|---|---|
| | 671124) | |

## 3. പത്രപ്രവർത്തക പെൻഷൻ

| | മാനേജിംഗ് കമ്മിറ്റി പരിഗണിച്ച അപേക്ഷ | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|---|
| 1 | ശ്രീ. റ്റി.കെ. ദേവസ്യ<br>റിപ്പോർട്ടർ<br>(9 ഡി/ഇൻഫ്രാ വാന്റേജ്, ഡിവൈൻ പാർക്ക് റോഡ്, CSEZ-ന് എതിർവശം, കാക്കനാട്, കൊച്ചി) | 10 വർഷത്തിലധികം അംശദായം ഒടുക്കിയതിനാൽ 01/2017 മുതൽ പത്രപ്രവർത്തക ക്ഷേമ പെൻഷൻ അനുവദിക്കാവുന്നതാണ്. |
| 2 | ശ്രീ. കെ. ജയപ്രകാശ്<br>സീനിയർ റിപ്പോർട്ടർ,<br>ദി ന്യൂ ഇന്ത്യൻ എക്സ് പ്രസ്<br>(കണ്ണമ്പള്ളിൽ, മറ്റംതെക്ക്, മാവേലിക്കര, ആലപ്പുഴ,പിൻ-690103) | ശ്രീ.കെ.ജയപ്രകാശിന്റെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് തുടങ്ങിയ വിഷയങ്ങളിൽ മേഖലാ ഡെപ്യൂട്ടി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ അനുവദിക്കാവുന്നതുമാണ്. |
| 3 | ശ്രീ.വി.എസ്.നായർ<br>(ശ്രീ ശൈലം, ഉളിയകോവിൽ പി.ഒ, കൊല്ലം 691019) | കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ജോലി പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാത്തതിനാൽ ശ്രീ.വി.എസ്. നായരുടെ അപേക്ഷ നിരസിക്കാവുന്നതാണ്. |
| 4 | ശ്രീ. ജോസ് ബാബു കാരാത്ര ആന്റണി<br>(കാരാത്ര, അശോകപുരം, കോഴിക്കോട്-1) | സർക്കാരിന്റെ മറ്റു ക്ഷേമ പദ്ധതികളിൽ പരിഗണിക്കാവുന്നതാണ്. |

മേൽപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

## 4. അവശ പത്രപ്രവർത്തക പെൻഷൻ

| മാനേജിംഗ് കമ്മിറ്റി പരിഗണിച്ച അപേക്ഷ | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|

| | | |
|---|---|---|
| 1 | ശ്രീ. സി.എസ്. വിജയൻ<br>ജനയുഗം<br>(ആചാരിവിളാകത്തു വീട്, എടവട്ടം, കരുവേലിൽ പി.ഒ.എഴുകോൺ, കൊല്ലം- 691 505) | ടിയാന്റെ പ്രായവും രോഗാവസ്ഥയും അവശതയും കണക്കിലെടുത്ത് ടി ഉത്തരവ് നിലവിൽ വരുന്ന തീയതി മുതൽ അവശ പത്രപ്രവർത്തക പെൻഷൻ അനുവദിക്കാവുന്നതാണ്. |
| 2 | വട്ടിയൂർക്കാവ് മധു<br>എഡിറ്റർ, കൈരളി പ്രശ്നം<br>(മങ്ങന്നൂർ വീട്, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം-13) | പ്രസ്തുത ദിനപ്പത്രം വേജ് ബോർഡ് ശുപാർശ നടപ്പാക്കാത്ത തിനാൽ പ്രഗത്ഭ/അവശ പത്രപ്രവർത്തക പെൻഷൻ അപേക്ഷ നിരസിക്കാവുന്നതാണ്. |
| 3 | ശ്രീ. നാരായണൻ ചാത്തോത്ത്<br>(മടരത്തൂർ.പി.ഒ., ബടഗര വഴി, കോഴിക്കോട് 673105) | അപേക്ഷ നിരസിക്കാവുന്നതാണ്. |
| 4. | ശ്രീ. തോമസ് ജോസഫ്<br>സ്പെഷ്യൽ കറസ്പോണ്ടന്റ്, പ്രദീപം<br>(TERA-24 ,തൊഴുവൻകോട്, വട്ടിയൂർക്കാവ്.പി.ഒ., തിരുവനന്തപുരം) | അവശ പത്രപ്രവർത്തക പെൻഷൻ അനുവദിച്ചിരു ന്നെങ്കിലും ടിയാൻ പെൻഷൻ വാങ്ങുന്നില്ല. പദ്ധതി അംഗത്വം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ അവശ പത്രപ്രവർത്തക പെൻഷൻ സ്വീകരിക്കുവാൻ അഭ്യർത്ഥിക്കാവുന്നതും പ്രസ്തുത പെൻഷൻ അനുവദിക്കാവുന്നതുമാണ്. പത്രപ്രവർത്തക ക്ഷേമ പെൻഷനുള്ള അപേക്ഷ നിരസിക്കാവുന്നതുമാണ് |

## 5. <u>50% പത്രപ്രവർത്തക പെൻഷൻ ഫുൾ പെൻഷൻ ആക്കുന്നതിനുള്ള അപേക്ഷകൾ</u>

| മാനേജിംഗ് കമ്മിറ്റി പരിഗണിച്ച അപേക്ഷ | | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|---|
| 1 | ശ്രീ. കെ.പി. സദാശിവൻ<br>മാലൂർകുന്ന്, എ.ആർ ക്യാംപിനു സമീപം, വേങ്ങേരി. പി.ഒ. | ഇവർക്ക് അനുവദിച്ച 50% പെൻഷൻ ഫുൾ പെൻഷനാക്കണമെന്ന ഇവരുടെ അപേക്ഷകൾ, 58 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് ഫുൾ പെൻഷൻ നൽകാൻ പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാൽ നിരസിക്കാവുന്നതാണ്. |
| 2 | ശ്രീ. വി.സമ്പത്ത്കുമാർ<br>ഉണ്ടത്തിൽ മഠം, തെക്കേനട, വൈക്കം.പി.ഒ.,കോട്ടയം ജില്ല 686141 | |
| 3 | ശ്രീമതി ടി.സി. പ്രിയംവദ മുരിങ്ങളത്ത് വീട്, കളത്തിപ്പറമ്പ് റോഡ്, വടുതല.പി.ഒ,കൊച്ചി- 682023 | |
| 4 | ശ്രീ. കെ.അശോക<br>ശാന്തി നഗർ, കറന്തക്കാട്, കാസറഗോഡ് | |
| 5 | ശ്രീ. ഇ. എം. രഞ്ജിത് ബാബു<br>കസ്തൂരിച്ചാൽ ഹൗസ്, പി. ഒ. താഴെ ചൊവ്വ, കണ്ണൂർ 670 018 | |

| | | |
|---|---|---|
| 6 | ശ്രീ. കെ.പി.പുഷ്പരാജ് (രേവതി, പുതിയങ്ങാടി.പി.ഒ., കോഴിക്കോട്-21) | |

### 6. 50% പത്രപ്രവർത്തക പെൻഷൻ

യു.ടി.വി വാർത്താ വിഭാഗം എഡിറ്ററായി വിരമിച്ച ശ്രീ.രാജേന്ദ്രൻ കല്ലേപ്പള്ളിക്ക് 12/2016 മുതലും ദീപികയിൽ നിന്നും വിരമിച്ച ശ്രീ. മാണി പയസിന് 10/2017 മുതലും, ശ്രീ.അബെ ജേക്കബിന് 04/2016 മുതലും, മലയാള മനോരമയിൽ നിന്നും ആരോഗ്യപരമായ കാരണങ്ങളാൽ അവധിയിൽ പ്രവേശിച്ച ശ്രീ.സെബാസ്റ്റ്യൻ ജോസഫിന് 08/2016 മുതലും, 50% പത്രപ്രവർത്തക ക്ഷേമ പെൻഷൻ അനുവദിക്കാവുന്നതാണെന്നും. മെട്രോ വാർത്തയിൽ നിന്നും പിരിച്ചു വിടപ്പെട്ട ശ്രീ. ഡൊമിനിക് സെബാസ്റ്റ്യന് 10 വർഷത്തെ സർവ്വീസ് ഉണ്ടോയെന്ന് പരിശോധിച്ച് 50% പെൻഷൻ അനുവദിക്കാവുന്നതാണെന്നും പ്രസ്തുത മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

### 7. പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗമാകാതെ സർവ്വീസിൽ നിന്നും പിരിഞ്ഞ 60വയസ് കഴിഞ്ഞവരുടെ പെൻഷൻഅപേക്ഷകൾ

<table>
<tr><th colspan="2">മാനേജിംഗ് കമ്മിറ്റി പരിഗണിച്ച അപേക്ഷ</th><th>മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം</th></tr>
<tr><td>1</td><td>ശ്രീ. എസ്. ജയചന്ദ്രൻ നായർ<br>212, ധ്രുവ അപ്പാർട്ട്മെന്റ്സ്,<br>കോഡിഹല്ലി മെയിൻ റോഡ്, ബാംഗ്ലൂർ</td><td rowspan="6">പെൻഷൻ പദ്ധതിയിൽ അംഗമാകാതെ സർവ്വീസിൽ നിന്നും പിരിഞ്ഞ 60 വയസ് കഴിഞ്ഞ അർഹരായവരെ കണ്ടെത്തുന്നതിനും അതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനുള്ള പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടും, ലഭിച്ച അപേക്ഷകരുടെ പട്ടികയും ഭരണസമിതിയിൽ സമർപ്പിക്കാൻ ഉപസമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ മാനേജിങ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയുണ്ടായി. ലിസ്റ്റിൽ അർഹതയുള്ളവരും ഇല്ലാത്തവരും ഉണ്ടെന്ന് അഭിപ്രായമുണ്ടായി. തുടർന്ന് പ്രഗത്ഭ പത്രപ്രവർത്തകർ, അവശ പത്രപ്രവർത്തകർ</td></tr>
<tr><td>2</td><td>ശ്രീ. പി. ഫസിലുദ്ദീൻ,<br>പീസ്, പഴഞ്ചിറ റോഡ്, അമ്പലത്തറ,<br>തിരുവനന്തപുരം</td></tr>
<tr><td>3</td><td>ശ്രീ. എം. എം. ലോറൻസ്<br>എക്സ്. എം.പി., മാതാ ചർച്ച് റോഡ്,<br>കൊച്ചി</td></tr>
<tr><td>4</td><td>ശ്രീ. ഒ. അബ്ദുള്ള,<br>ബിഡ, ചേന്ദമംഗലം, കോഴിക്കോട്</td></tr>
<tr><td>5</td><td>ശ്രീ. പി. ശശിധരൻ<br>(പിറവണ്ണൂർ ശശി),<br>പ്രാർത്ഥന, റ്റി.സി. 76-916(1),<br>കെ.ജി.ആർ.എ -244, കല്ലുംമൂട്,<br>നയറ.പി.ഒ., തിരുവനന്തപുരം</td></tr>
<tr><td>6</td><td>ശ്രീ. കല്ലമ്പള്ളി കൃഷ്ണൻ നായർ<br>അശ്വതി, ബി.എസ്.എൻ.ആർ.എ-</td></tr>
</table>

| | | |
|---|---|---|
| | സി26, ടവർ വ്യൂ ലെയിൻ, നാലാഞ്ചിറ.പി.ഒ., തിരുവനന്തപുരം | എന്നിവരിൽ അർഹതയുള്ളവർ ആരെന്ന് ഒന്നുകൂടി പരിശോധിക്കുന്നതിന് പത്രപ്രവർത്തക പെൻഷൻ കമ്മിറ്റിയിൽ നിന്നും പബ്ലിക് റിലേഷൻസ് ഡയറക്ടർ ഉൾപ്പെട്ട ഒരു ഉപസമിതിയെ ചുമതലപ്പെടുത്തി കാലതാമസം ഒഴിവാക്കുന്നതിന് ടി കമ്മിറ്റിയുടെ ശുപാർശക്ക് തീരുമാനമെടുക്കുവാൻ നൽകുന്നതിന് മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ച് ഉത്തരവാകുന്നു.. |
| 7 | ശ്രീ. ജഗദീഷ് ബാബു<br>പുഷ്പാഞ്ജലി, കല്ലാത്തി പോസ്റ്റ്, പാലക്കാട്-3 | |
| 8 | ശ്രീ.പി. മോഹനൻ , യു എൻ ഐ. | |
| 9 | ശ്രീ. കെ. മധുമോഹനൻ തമ്പി കുളങ്ങര വീട്, റ്റി.സി. 70/1178, എ.ആർ.എ- 127, ആറ്റുകാൽ, മണക്കാട്.പി.ഒ., തിരുവനന്തപുരം | |
| 10 | ശ്രീ. ജോൺ മേരി,റെസിഡൻറ് എഡിറ്റർ, ഡെക്കാൺ ക്രോണിക്കിൾ | |
| 11 | ഐ.എസ്. മോഹനൻ<br>സബ് എഡിറ്റർ ജനയുഗം | |

അവശ പത്രപ്രവർത്തക ആശ്രിത പെൻഷൻ ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് ശ്രീമതി. രമാദേവി, ശ്രീമതി.ശാന്തമ്മ, ശ്രീമതി. രുഗ്മിണിയമ്മ, ശ്രീമതി. ജഗദമ്മ എന്നിവർ സമർപ്പിച്ച നിവേദനത്തിലെ ആവശ്യം ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ ശേഷം തീരുമാനം കൈക്കൊള്ളാൻ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

പത്രപ്രവർത്തക ക്ഷേമ പെൻഷൻ/ അംഗത്വം എന്നിവയിന്മേലുള്ള 17.01.2019- ലെ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മേരി ലാലി. സി. വൈ
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ കമ്മിറ്റി അംഗങ്ങൾക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ
സെക്രട്ടറിയുടെ സി.എ
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ
ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി
ജോയിന്റ് ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ(എം.ആർ)
ഇൻഫർമേഷൻ ഓഫീസർ, (വെബ് &ന്യൂ മീഡിയ-വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഇൻഫർമേഷൻ ഓഫീസർ(പി.ആർ-പത്രക്കുറിപ്പ് നൽകുന്നതിന്)